# തലനാട് ഗ്രാമപഞ്ചായത്ത്

## 2026-27 സാമ്പത്തിക വർഷത്തെ

## ബജറ്റ്



**2026-27**

# തലനാട് ഗ്രാമപഞ്ചായത്ത്

## വാർഷിക ബജറ്റ് അവതരണം 2026–27

ബഹുമാനപ്പെട്ട പ്രസിഡണ്ട്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, പ്രിയപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ, ഓഫിസ് ജീവനക്കാർ , മാധ്യമ പ്രവർത്തകർ, ഈ ബജറ്റ് തയ്യാറാക്കുവാൻ എന്നെ സഹായിച്ച അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക് , ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എല്ലാവർക്കും എന്റെ സ്നേഹപൂർവ്വമായ അഭിവാദ്യങ്ങൾ.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന പദ്ധതി വർഷമായ 2026–27 സാമ്പത്തിക വർഷത്തേക്കുള്ള തലനാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബജറ്റ് ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കുവാൻ എനിക്ക് ലഭിച്ച ഈ അവസരം അഭിമാനത്തോടെയും ഉത്തരവാദിത്വത്തോടെയും ഞാൻ സ്വീകരിക്കുന്നു.

ബഹുമാനപ്പെട്ട കേരള സംസ്ഥാന സർക്കാർ 2026-27 വാർഷിക ബജറ്റിൽ തലനാട് ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ വലിയ കരുതലോടു കൂടി കണ്ട് ചേർത്ത് പിടിക്കുന്ന ഒരു സമീപനമാണ്കോട്ടയം ജില്ലയിൽ തലനാട് ഗ്രാമപഞ്ചായത്തിന് മാത്രം 78 ലക്ഷം രൂപയോളം ഗ്യാപ്പ് ഫണ്ട് അനുവദിച്ചതിലൂടെ കൈക്കൊണ്ടത് എന്നത് തികഞ്ഞ നന്ദിയോടെ അറിയിച്ചു കൊണ്ട് തന്നെ ഈ ബജറ്റ് അവതരണം ആരംഭിക്കുന്നു.

2026-27 വർഷത്തെ ആസൂത്രണ സമിതി യോഗത്തിന്റെയും , തുടർന്ന് വന്ന വർക്കിങ് ഗ്രൂപ്പുകളുടെയും , ഗ്രാമ സഭകളുടെയും വികസന സെമിനാറിന്റെയും ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതി മാർഗ്ഗരേഖകളുടെയും ഉത്തരവുകളുടെയും മാർഗനിർദേശങ്ങൾ പൂർണമായും ഉൾക്കൊണ്ട്, ജനപങ്കാളിത്തവും സുസ്ഥിര വികസനവും ലക്ഷ്യമാക്കി തയ്യാറാക്കിയ ഒരു ബജറ്റാണ് ഇന്ന് അവതരിപ്പിക്കുന്നത്.

2026-2027 സാമ്പത്തിക വർഷം നികുതി വരുമാന ഇനത്തിൽ 14,80,000/- രൂപയും നികുതിയേതര വരുമാന ഇനത്തിൽ 17,00,000/- രൂപയും പരമ്പരാഗത ചുമതലകൾക്കായുള്ള ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ ( ഗ്യാപ് ഫണ്ട് അടക്കം ) 1,36,73,000/- രൂപയും അടക്കം ആകെ തനത് ഫണ്ട് ഇനത്തിൽ 1,68,53,000/- രൂപയും പ്രതീക്ഷിക്കുന്നു.

പദ്ധതി ചെലവുകൾക്ക് സാധാരണ വിഹിതമായി ആയി 1,30,97,000/- രൂപയും പട്ടിക ജാതി ഉപപദ്ധതിയിൽ 12,56,000/- രൂപയും പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ 20,11,000/- രൂപയും അടക്കം 1,63,64,000/- രൂപയും സംസ്ഥാന സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു

2026-27 വാർഷിക പദ്ധതിക്ക് മെയിന്റനസ് ഗ്രാന്റ് ഇനത്തിൽ റോഡുകൾക്കായി 57,26,000/- രൂപയും വിട്ടുകിട്ടിയ ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിനായി 33,10,000/- രൂപയും അടക്കം ആകെ 90,36,000/- രൂപയും സംസ്ഥാന സർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു

അനിവാര്യ ചുമതലകൾക്കായുള്ള റെവന്യൂ ചെലവുകൾക്കായി ആകെ 4,90,25,660/- രൂപയും റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കായി 2,95,00,000/- രൂപയും മൂലധന ചെലവുകൾക്കായി 21,98,000/- രൂപയും വകയിരുത്തുന്നു

2026-27 സാമ്പത്തിക വർഷം ആകെ റവന്യു വരവിനത്തിൽ 3,12,63,300/- രൂപയും മൂലധന വരവിനത്തിൽ 4,70,33,710/- രൂപയും അടക്കം ആകെ 7,32,97,010 രൂപ വരവിനത്തിലും ആകെ റവന്യു ചെലവിനത്തിൽ 4,90,25,660/- രൂപയും ആകെ മൂലധന ചെലവിനത്തിൽ 21,98,000/- രൂപയും ആകെ ചെലവിനത്തിൽ 5,12,23,660/- രൂപയും പദ്ധതി ചെലവായി 29,50,000/- രൂപയും ഉൾപ്പെടെ നീക്കി ബാക്കി 63,85,836/- പ്രതീക്ഷിക്കുന്നു.

തലനാട് ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ, ഈരാറ്റുപേട്ട ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. ഏകദേശം 32.24 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്ത് ഇടുക്കി ജില്ലയോട് അതിർത്തി പങ്കിടുന്ന ഒരു മലയോര പ്രദേശമാണ്.

ഏകദേശം 3000 അടി ഉയരത്തിലുള്ള ഈ പ്രദേശം കല്ലുകളും കാടുകളും നിറഞ്ഞ മനോഹരമായ ഭൂപ്രകൃതിയുള്ള തലനാട് **തലനാട് ഗ്രാമ്പൂ** (clove) കൃഷിക്ക് പ്രശസ്തമാണ്—ഇത് GI ടാഗ് ലഭിച്ചിട്ടുള്ള പ്രത്യേക ഉൽപ്പന്നമാണ്.

14 വാർഡുകളുള്ള തലനാട് ടൂറിസം സാധ്യതകളുള്ളതും പ്രകൃതിസൗന്ദര്യം നിറഞ്ഞതുമായ ഒരു ഗ്രാമപഞ്ചായത്താണ് എന്നാൽ അതോടൊപ്പം തന്നെ ജനസംഖ്യ വളർച്ചയിൽ നെഗറ്റീവ് ഗ്രോത്ത് എന്ന ആശങ്കാ ജനകമായ സാഹചര്യവും നിലനിൽക്കുന്ന ഒരു പഞ്ചായത്ത് ആണ് തലനാട്. ഈ വസ്തുതകളെല്ലാം മുൻ നിർത്തി സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള യാഥാർഥ്യബോധമുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സർക്കാരിന്റെ സ.ഉ.(കൈ) നം.**16/2026/എൽഎസ്ജിഡി/** തീയതി 12.01.2026 പ്രകാരം 2026 - 27 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

തികച്ചും കാർഷികവൃത്തികൊണ്ട് മാത്രം ഉപജീവനം നടത്തുന്ന കർഷക്കാർക്കായി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന ഉത്പാദന മേഖലയിൽ ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 2,00,000/-രൂപ കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി 5,23,600/- രൂപ, ഞങ്ങളും കൃഷിയിലേക്ക് കൂലിചെലവ് സബ്സിഡി 3,30,000/- രൂപ, ഞങ്ങളും കൃഷിയിലേക്ക് കമുക് തൈ വിതരണം 1,40,000/- രൂപ, ഞങ്ങളും കൃഷിയിലേക്ക് വാഴ വിത്ത് വിതരണം 1,50,000/- രൂപ, ഞങ്ങളും കൃഷിയിലേക്ക് കുറ്റി കുരുമുളക് തൈ വിതരണം 1,00,000/- രൂപ, ഞങ്ങളും കൃഷിയിലേക്ക് കിഴങ്ങ് വർഗ്ഗ നടീൽ വസ്തു വിതരണം 3,50,000/- രൂപ, ,ഞങ്ങളും കൃഷിയിലേക്ക് ഗ്രോ ചട്ടിയും നടീൽ മിശ്രിതവും പച്ചക്കറി തൈ വിതരണവും 3,80,000/- രൂപ, ,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 2,00,000/- രൂപ , കറവപശുകൾക്ക് കാലിത്തീറ്റ സബ്സിഡി 5,23,600/- രൂപ, അടുക്കളമുറ്റത്തെ കോഴി വളർത്തൽ കൂട് കൂടാതെ 4,00,000/- രൂപ, കാലികൾക്ക് ധാതുലവണ മിശ്രിതവും വിരമരുന്ന് വിതരണവും 1,10,000/- രൂപ, പശു വളർത്തൽ 3,60,000/- രൂപ, ആട് വളർത്തൽ 1,96,000/- രൂപ തുടങ്ങിയ പദ്ധതികൾ 2026-27 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഉൽപ്പാദന മേഖലയിൽ 31,43,280/- രൂപ വകയിരുത്തുന്നു .

ലൈഫ് മിഷൻ , IAY ഭവനങ്ങളുടെ നിർമ്മാണത്തിനായി 32,72,800/- രൂപ വകയിരുത്തുന്നു, വനിത ക്ഷേമ പദ്ധതികൾക്കായി 13,74,460/- രൂപ വകയിരുത്തുന്നു, കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ എന്നിവരുടെ ക്ഷേമത്തിനായി 6,87,230/- രൂപ വകയിരുത്തുന്നു . വയോജനങ്ങളുടെ ക്ഷേമത്തിനായി പാലിയേറ്റിവ് കെയർ ഉൾപ്പടെ 6,87,230/- രൂപ വകയിരുത്തുന്നു.

ഇല്ലിക്കൽകല്ല്, മാർമല അരുവി , അയ്യംമ്പാറ, പുള്ളിക്കാനം എന്നീ പ്രകൃതി രമണീയമായ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന തലനാട് ഗ്രാമപഞ്ചായത്തിന്റെ ടൂറിസം സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി 2,00,000/- രൂപ പ്രത്യേകം വകയിരുത്തുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും, പുനരുദ്ധാരണത്തിനുമായി പശ്ചാത്തല മേഖലയിൽ 57,26,000/–രൂപയും, റോഡിതര ആസ്തികളുടെ പുനരുദ്ധാരണത്തിനായി 33,10,000/– രൂപയും ഈ ബജറ്റിൽ വകയിരുത്തിട്ടുണ്ട്.

എസ്.സി വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 50,000/- രൂപയും, എസ്.സി വിദ്യാത്ഥികൾക്ക് പഠനോപകരണ വിതരണം 60,000/- രൂപയും, എസ് സി യുവാക്കൾക്ക് തൊഴിൽ പരിശീലനം 2,50,000/- രൂപയും, പദ്ധതികൾ പട്ടികജാതി വിഭാഗത്തിലും, എസ്.റ്റി വിദ്യാത്ഥികൾക്ക്

സ്കോളർഷിപ്പ് 3,00,000/- രൂപയും ഭവന പുനരുദ്ധാരണം എസ് റ്റി 3,00,000/- രൂപയും തുടങ്ങിയ പദ്ധതികൾ പട്ടിക വർഗ്ഗ വിഭാഗത്തിലും വകയിരുത്തുവാൻ സാധിച്ചു.

വസ്തു നികുതി ഉൾപ്പെടെയുള്ള എല്ലാ നികുതികളും ഫീസുകളും പിരിച്ചെടുത്തു കൊണ്ടും പുതിയ വിഭവ സ്രോതസ്സ് കണ്ടെത്തിയും അതുവഴി പരിമിതമായ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കും ആസ്തി വർദ്ധനവിനും ലക്ഷ്യമിടുന്നതാണ് ഈ ബജറ്റ്. തലനാട് ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ജനങ്ങളുമായി കൂടുതൽ അടുത്ത് നിന്നുകൊണ്ട് പഞ്ചായത്തിന്റെ ഭരണം മികച്ചതാക്കുവാനും നികുതി പിരിവ് മേഖലയിലും പദ്ധതി നിർവ്വഹണത്തിലും 100% ലക്ഷ്യം കൈവരിക്കുന്നതിനും തലനാടിനെ മികച്ച പഞ്ചായത്ത് ആക്കി മാറ്റുന്നതിനും ഈ ബജറ്റ് ലക്ഷ്യമിടുന്നു.

തലനാട് ഗ്രാമപഞ്ചായത്ത് 2025-30 ഭരണകാലയളവിലെ ആദ്യ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കാൻ സഹായിച്ച ഭരണസമിതി അംഗങ്ങളോടും ജീവനക്കാരോടും ഉള്ള പ്രത്യേക നന്ദി അറിയിക്കുന്നതോടൊപ്പം 2026-27 വർഷം ലഭ്യമായ തുകയിൽ നിന്നും വകയിരുത്തിയ പദ്ധതികളും പ്രവർത്തനങ്ങളും ഭംഗിയായി പൂർത്തീകരിക്കാൻ വേണ്ടി എല്ലാരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി

# BUDGET 2026-2027

| SN | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR 2025-2026 | BUDGET FOR NEXT YEAR 2026-2027 |
|---|---|---|---|
| | **Opening Balance**<br>**പ്രാരംഭ ബാക്കി** | **8898794** | **8812486** |
| | **Revenue Receipt - 1**<br>**റവന്യൂ വരവ്** | | |
| | **Tax Revenues - 110**<br>**നികുതി വരുമാനം** | | |
| 1 | 1100101 Property Tax (General)<br>വസ്തു നികുതി | 1046840 | 1100000 |
| 2 | 1101001 Profession Tax – Employees<br>തൊഴിൽ നികുതി | 245870 | 300000 |
| 3 | 1101002 Profession Tax - Traders/ Institutions<br>വ്യാപാരം/സ്ഥാപന തൊഴിൽ നികുതി | 60580 | 80000 |
| | **Total Tax Revenues**<br>**ആകെ നികുതി വരുമാനം** | **1353290** | **1480000** |
| | **Fees and User Charges - 140**<br>**ഫീസും യൂസർ ചാർജ്ജും** | | |
| 4 | 1401099 Other Empanelment & Registration Charges<br>രജിസ്ട്രേഷൻ ചാർജ്ജ്/ഫീസ് | 50000 | 70000 |
| 5 | 1401203 Permit Application fee<br>പെർമിറ്റ് അപേക്ഷ ഫീസ് | 79966 | 100000 |

| | | | |
|---|---|---|---|
| | **Total Fees and User Charges**<br>**ആകെ നികുതിയിതര വരുമാനം** | **129966** | **170000** |
| | **Sale and Hire Charges - 150**<br>**വിൽപ്പനയിനത്തിൽ ലഭിക്കുന്ന വരുമാനം** | | |
| 6 | 1501102 Receipts from Sale of Tender Forms<br>ടെണ്ടർ ഫോറം വിൽപ്പനയിൽ നിന്നുള്ള വരുമാനം | 4760 | 25000 |
| | **Total Sale and Hire Charges**<br>**ആകെ വിൽപ്പന/വാടക വരുമാനം** | **4760** | **25000** |
| | **Revenue Grants, Contributions and Subsidies - 160**<br>**റവന്യൂ ഗ്രാൻസും സബ്സിഡിയും** | | |
| 7 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers<br>കർഷക തൊഴിലാളി പെൻഷൻ | 1392000 | 1806000 |
| 8 | 1601012 Fund for Transferred Functions/ Schemes - Widow Pension<br>വിധവാ പെൻഷൻ | 2689900 | 3675000 |
| 9 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50<br>50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 281200 | 420000 |
| 10 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled<br>ഭിന്നശേഷിക്കാരുടെ പെൻഷൻ | 1405200 | 1911000 |
| 11 | 1601018 Fund for Transferred Functions/ Schemes - Old Age Pension<br>വാർദ്ധക്യകാല പെൻഷൻ | 9934000 | 14763000 |
| 12 | 1601023 General Purpose Fund<br>ജനറൽ പർപ്പസ് ഫണ്ട് | 12745558 | 13673000 |
| 13 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme<br>സ്ത്രീ സുരക്ഷാ പദ്ധതി | 0 | 4068000 |

| | | | |
|---|---|---|---|
| | **Total Revenue Grants, Contributions and Subsidies**<br>**ആകെ റവന്യൂ ഗ്രാൻസും സബ്സിഡിയും** | **28447858** | **40316000** |
| | **Interest Earned - 171**<br>**പലിശ ഇനത്തിലുള്ള വരുമാനം** | | |
| 14 | 1711001 Interest from Bank Accounts<br>ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 80000 | 100000 |
| | **Total Interest Earned**<br>**ആക ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ** | **80000** | **100000** |
| | **Rental Income - LB Properties - 130** | | |
| 15 | 1301001 Rent from Town Hall | 0 | 0 |
| 16 | 1302003 Rent from Buildings<br>കെട്ടിട വാടക | 3000 | 5000 |
| | **Total Rental Income**<br>**ആകെ കെട്ടിട വാടക വരുമാനം** | **3000** | **5000** |
| | **Total Revenue Receipt** | **29946874** | **42096000** |
| | **Capital Receipt - 2**<br>**മുലധന വരവ്** | | |
| | **Grants, Contribution for Specific Purposes - 320** | | |
| 17 | 3201004 Central Finance Commission Grant - Tied<br>കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2512200 | 2637810 |

| | | | |
|---|---|---|---|
| 18 | 3201005 Central Finance Commission Grant - Untied<br>കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 1674800 | 1758540 |
| 19 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS)<br>എംജിഎൻആർഇജിസ്(ആക്ഷൻ പ്ലാൻ) | 11221893 | 16029360 |
| 20 | 3201050 Grants Contributions for Specific Purposes - Central Government | 2548515 | 0 |
| 21 | 3202001 Development Fund - General<br>വികസന ഫണ്ട് പൊതുവിഭാഗം | 10169337 | 13097000 |
| 22 | 3202002 Development Fund - Special Component Plan<br>വികസന ഫണ്ട് പട്ടികജാതി ഘടക പദ്ധതി | 8512812 | 1256000 |
| 23 | 3202003 Development Fund - Tribal Sub-Plan<br>വികസന ഫണ്ട് പട്ടിക വർഗ്ഗ ഘടക പദ്ധതി | 1848783 | 2011000 |
| 24 | 3202009 Maintenance Fund - Road Assets<br>സംരക്ഷണ ചെലവ് റോഡ് ആസ്തികൾ | 3114320 | 5726000 |
| 25 | 3202010 Maintenance Fund - Non-Road Assets<br>സംരക്ഷണ ചെലവ് റോഡിതര ആസ്തികൾ | 1983208 | 3310000 |
| 26 | 3202037 Other Revenue Grants<br>മറ്റ് റവന്യൂ ഗ്രാന്റുകൾ | 4772736 | 0 |
| | **Total Grants, Contribution for Specific Purposes** | **48358604** | **45825710** |
| | **Secured Loans - 330**<br>**വായ്പ** | | |
| 27 | 3305004 Loan from HUDCO<br>ഹഡ്കോ ലോൺ | 0 | 200000 |

| | | | |
|---|---|---|---|
| | **Total Secured Loans**<br>**ആകെ വായ്പ** | **0** | **200000** |
| | **Redemption - 431** | | |
| 28 | 4315002 Receivables from Government (redemption amount)<br>റിഡംഷൻ | 6723379 | 0 |
| | **Total Redemption**<br>**ആകെ റിഡംബഷൻ** | **6723379** | **0** |
| | **Loans, Advances and Deposits - 460** | | |
| 29 | 4605005 Advance to Mahatma Gandhi NREGS/ AUEGS<br>എംജിഎൻആർജിഎസ് ഭരണ ചെലവ് | 291739 | 1008000 |
| | **Total Loans, Advances and Deposits**<br>**വായ്പ, അഡ്വാൻസ്, നിക്ഷേപം** | **0** | **1008000** |
| | **Total Capital Receipt**<br>**ആകെ മൂലധന വരുമാനം** | **55373722** | **47033710** |
| | **Revenue Expenditure - 3**<br>**റവന്യൂ ചെലവുകൾ** | | |
| | **Establishment Expenses - 210** | | |
| 30 | 2101001 Salaries -Secretary<br>സെക്രട്ടറിയുടെ ശമ്പളം | 1155268 | 1500000 |
| 31 | 2101003 Salaries - Permanent Staff<br>സ്ഥിര ജീവനക്കാരുടെ ശമ്പളം | 5416093 | 5700000 |

| | | | |
|---|---|---|---|
| 32 | 2101101 Wages<br>ദിവസവേതനം | 673735 | 800000 |
| 33 | 2101201 Bonus<br>ബോണസ് | 17840 | 25000 |
| 34 | 2101401 Honourarium<br>ഹോണറേറിയം | 1781250 | 200000 |
| 35 | 2102001 Travelling Allowances - Secretary<br>സെക്രട്ടറിയുടെ യാത്രാബത്ത | 23578 | 50000 |
| 36 | 2102003 Travelling Allowances - Permanent Staff<br>സ്ഥിര ജീവനക്കാരുടെ യാത്രാബത്ത | 60425 | 200000 |
| 37 | 2102004 Travelling Allowances - Temporary Staff<br>താത്കാലിക ജീവനക്കാരുടെ യാത്രാ ബത്ത | 11383 | 20000 |
| 38 | 2102008 Other allowances - Permanent Staff<br>സ്ഥിര ജീവനക്കാരുടെ മറ്റ് അലവൻസുകൾ | 1000 | 50000 |
| 39 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members<br>ഭരണസമിതി അംഗങ്ങളുടെ പ്രതിമാസ ഹോണറേറിയവും സിറ്റിംഗ് അലവൻസും | 225000 | 3800000 |
| 40 | 2102016 Other Benefits and Allowances<br>മറ്റ് അലവൻസുകൾ | 50000 | 100000 |
| 41 | 2102018 Spectacle Allowance<br>കണ്ണട അലവൻസ് | 3000 | 5000 |
| 42 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members<br>ഭരണസമിതി അംഗങ്ങളുടെ യാത്രാ ബത്ത | 35000 | 100000 |
| 43 | 2102023 Medical Re-Imbursement -Staff<br>ജീവനക്കാരുടെ മെഡിക്കൽ റി-ഇൻബേഴ്സ്മെന്റ് | 0 | 200000 |

| | | | |
|---|---|---|---|
| 44 | 2102027 Medical Re-Imbursement -Councillors<br>മെഡിക്കൽ റി-ഇൻബേഴ്സ്മെന്റ് - മെമ്പർ | 0 | 50000 |
| 45 | 2103001 Employer's Contribution to Pension Fund - Regular Employees<br>സ്ഥിര ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്കുള്ള തുക അടവാക്കൽ | 1000000 | 0 |
| 46 | 2103006 Employer's Contribution to NPS - Regular Employees<br>സ്ഥിര ജീവനക്കാരുടെ നാഷണൽ പെൻഷൻ സ്കീമിലേക്കുള്ള തുക അടവാക്കൽ | 0 | 100000 |
| 47 | 2103007 Pension Contribution<br>സർക്കാരിലേക്കുള്ള പെൻഷൻ തുക ഒടുക്കൽ | 0 | 1500000 |
| 48 | 2104001 Terminal Leave Surrender<br>ആർജ്ജിതാവധി വിൽപ്പന | 25000 | 400000 |
| 49 | 2105099 Other Establishment Expenses<br>മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 16718 | 25000 |
| | **Total Establishment Expenses**<br>**ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | **10495290** | **14825000** |
| | **Administrative Expenses - 220** | | |
| 50 | 2201001 Rent of Buildings<br>കെട്ടിട വാടക | 10000 | 10000 |
| 51 | 2201101 Office Electricity Expenses<br>ഓഫീസ് വൈദ്യുതി ചാർജ്ജ് | 45315 | 80000 |
| 52 | 2201102 Water Charges - Office<br>ഓഫീസ് വെള്ളക്കരം | 0 | 50000 |
| 53 | 2201105 Water Charges - LB buildings<br>ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം | 0 | 100000 |

| | | | |
|---|---|---|---|
| 54 | 2201199 Other Office Maintenance Expenses<br>ഓഫീസ് പുനരുദ്ധാരണ ചെലവുകൾ | 0 | 100000 |
| 55 | 2201201 Telephone Expenses/ Internet Charges<br>ടെലഫോൺ/ ഇന്റർനെറ്റ് ചാർജ്ജ് | 37061 | 50000 |
| 56 | 2201202 Postage Expenses<br>തപാൽ ചെലവുകൾ | 10000 | 12000 |
| 57 | 2202001 Books & Periodicals<br>പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണ ചെലവുകൾ | 5000 | 5000 |
| 58 | 2202101 Printing & Stationery<br>അച്ചടി ചെലവുകൾ | 110000 | 125000 |
| 59 | 2204001 Insurance<br>ഇൻഷുറൻസ് | 0 | 0 |
| 60 | 2204002 Insurance - Vehicles<br>വാഹന ഇൻഷുറൻസ് | 30000 | 50000 |
| 61 | 2205101 Miscellaneous Legal Expenses<br>നീതി ന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 25000 | 50000 |
| 62 | 2205201 Professional & Other Fees<br>പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 10000 | 15000 |
| 63 | 2206001 Newspaper Advertisement Charges<br>പത്ര പരസ്യ ചെലവുകൾ | 5500 | 10000 |
| 64 | 2206002 Keralolsavam Expenses<br>കേരളോത്സവ ചെലവുകൾ | 15908 | 20000 |
| 65 | 2206101 Membership & Subscriptions<br>മെമ്പർഷിപ്പ്/വരിസംഖ്യ | 5000 | 10000 |

| | | | |
|---|---|---|---|
| 66 | 2208099 Miscellaneous Administration Expenses<br>മറ്റ് ഭരണപരമായ ചെലവുകൾ | 150000 | 200000 |
| | **Total Administrative Expenses**<br>**ആകെ ഭരണപരമായ ചെലവുകൾ** | **458784** | **887000** |
| | **Operation and Maintenance - 230** | | |
| 67 | 2301001 Electricity Charges for Street Lights<br>തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് | 50000 | 100000 |
| 68 | 2301002 Fuel Charges<br>ഇന്ധന ചെലവുകൾ | 219681 | 300000 |
| 69 | 2304001 Vehicle Hire Charges<br>വാഹന വാടക | 58060 | 100000 |
| 70 | 2305008 Repairs & Maintenance - Treatment Plants<br>ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾ | 50000 | 0 |
| 71 | 2305301 Repairs & Maintenance - Vehicles<br>ഓഫീസ് വാഹനത്തിന്റ് അറ്റകുറ്റപ്പണി | 200000 | 200000 |
| 72 | 2305909 Other Repairs & Maintenance<br>മറ്റ് അറ്റകുറ്റപ്പണികൾ | 71337 | 100000 |
| 73 | 2308013 Sanitation Expenses<br>മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട ചെലവുകൾ | 40000 | 80000 |
| 74 | 2308099 Other Operating & Maintenance Expenses<br>മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 0 | 200000 |
| 75 | 2308201 Refreshment Charges<br>ലഘുഭക്ഷണം - ചെലവുകൾ | 60000 | 100000 |

| | | | |
|---|---|---|---|
| | **Total Operation and Maintenance**<br>**ആകെ നടത്തിപ്പ്/ മെയിന്റനൻസ് ചെലവുകൾ** | | |
| | **Programe Expenses - 250**<br>**പരിപാടി ചെലവുകൾ** | | |
| 76 | 2501001 Election Expenses<br>തെരഞ്ഞെടുപ്പ് ചെലവുകൾ | 232000 | 100000 |
| 77 | 2502001 Expenditure on Poverty Eradication Program<br>ദാരിദ്ര്യനിർമ്മാർജന പരിപാടി ചെലവുകൾ | 0 | 16029360 |
| 78 | 2502002 Expenses towards Disaster Management Activities<br>ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ | 0 | 100000 |
| | **Total Programe Expenses**<br>**ആകെ പരിപാടികൾ ചെലവുകൾ** | **232000** | **16229360** |
| | **Expenses Related to Productive Sector - 251** | | |
| 79 | 2510103 Agriculture - Aracnut<br>കൃഷിയും അനുബന്ധ മേഖലകളും - അടയ്ക്ക കൃഷി | 140000 | 0 |
| 80 | 2510104 Agriculture - Vegetables<br>കൃഷിയും അനുബന്ധ മേഖലകളും- പച്ചക്കറി | 380000 | 0 |
| 81 | 2510105 Agriculture - Plaintane<br>കൃഷിയും അനുബന്ധ മേഖലകളും - വാഴ | 150000 | 0 |
| 82 | 2510106 Agriculture - Tubercrops<br>കൃഷിയും അനുബന്ധ മേഖലകളും- കിഴങ്ങു വിളകൾ | 340000 | 0 |
| 83 | 2510107 Agriculture - Fruits and Fruit Trees<br>കൃഷിയും അനുബന്ധ മേഖലകളും- ഫലവൃക്ഷം | 80000 | 0 |

| | | | |
|---|---|---|---|
| 84 | 2510112 Agriculture - Pepper<br>കൃഷിയും അനുബന്ധ മേഖലകളും - കുരുമുളക് | 100000 | 0 |
| 85 | 2510132 Agriculture Related Facilities<br>കൃഷിയുമായി ബന്ധപ്പെട്ട സൌകര്യങ്ങൾ | 300000 | 0 |
| 86 | 2510201 Animal Husbandry - Cow<br>മൃഗസംരക്ഷണം - പശു | 900000 | 0 |
| 87 | 2510205 Animal Husbandry - Poultry<br>മൃഗസംരക്ഷണം - മുട്ടകോഴി/ താറാവ് വളർത്തൽ | 407550 | 0 |
| 88 | 2510209 Animal Husbandry - Infrastructure<br>മൃരസംരക്ഷണം - പശ്ചാത്തല സൌകര്യങ്ങൾ | 110000 | 0 |
| 89 | 2510210 Animal Husbandry - Disease Control<br>മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 165022 | 0 |
| 90 | 2510215 Protection of Animals<br>മൃഗസംരക്ഷണം | 110400 | 0 |
| 91 | 2510305 Dairy Development - Milk Incentives<br>പാൽ ഉത്പാദനം പ്രോത്സാഹനം | 723600 | 0 |
| | **Total Expenses Related to Productive Sector**<br>**ഉൽപ്പാദന മേഖല ചെലവുകൾ** | **3906572** | **0** |
| | **Expenses Related to Service Sector - 252** | | |
| 92 | 2520102 Primary Education<br>പ്രാഥമിക വിദ്യാഭ്യാസം | 210000 | 0 |
| 93 | 2520109 Encourage Excellence of SC/ ST<br>പട്ടിക ജാതി / പട്ടിക വർഗ്ഗ മികവിനുള്ള പ്രോത്സാഹനം | 1772563 | 0 |

| | | | |
|---|---|---|---|
| 94 | 2520111 Contribution towards SSA<br>എസ്എസ്എ വിഹിതം | 150000 | 0 |
| 95 | 2520503 Arts,Culture,Sports and Youth Welfare-Promotion<br>കലാ,കായിക, യുവജന ക്ഷേമ പ്രോത്സാഹനം | 20000 | 0 |
| 96 | 2520602 Health related Programs<br>ആരോഗ്യവുമായി ബന്ധപ്പെട്ട പരിപാടികൾ | 1470000 | 0 |
| 97 | 2520617 Epidemic Control<br>പകർച്ചവ്യാധി നിയന്ത്രണം | 24957 | 0 |
| 98 | 2520618 Medical Institution - Allopathy<br>ആരോഗ്യ സ്ഥാപനം - അലോപ്പതി | 1496899 | 0 |
| 99 | 2520619 Medical Institution - Ayurvedic<br>ആരോഗ്യ സ്ഥാപനം - ആയുർവേദം | 650000 | 0 |
| 100 | 2520620 Medical Institution - Homoeo<br>ആരോഗ്യ സ്ഥാപനം - ഹോമിയോ | 150000 | 0 |
| 101 | 2520702 Drinking Water - Public<br>പൊതു കുടിവെള്ളം | 160024 | 0 |
| 102 | 2520801 Housing & House Electrification - Individual<br>വീടുകളുടെ വൈദ്യുതീകരണം - വ്യക്തിഗത | 14809461 | 0 |
| 103 | 2520902 Child Welfare Program<br>ശിശുക്ഷേമ പരിപാടി | 14000 | 0 |
| 104 | 2520903 Women Welfare<br>വനിത ക്ഷേ പരിപാടി | 479657 | 0 |
| 105 | 2520904 Welfare of the Aged<br>വൃദ്ധക്ഷേമ പരിപാടി | 121800 | 0 |

| | | | |
|---|---|---|---|
| 106 | 2520905 Welfare Programs for the Destitute<br>അഗതിക്ഷേമ പരിപാടി | 25000 | 0 |
| 107 | 2520906 Welfare Programs for Physically/ Mentally Challenged<br>ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടി | 850000 | 0 |
| 108 | 2520908 Social Security Programme<br>സാമൂഹ്യ സുരക്ഷാ പരിപാടികൾ | 236500 | 0 |
| 109 | 2521001 Anganwadi Nutrition<br>അംഗനവനാടി പോഷകാഹാര പരിപാടി | 1200000 | 0 |
| 110 | 2521101 Anganwadi Infrastructure<br>അംഗനവാടി പശ്ചാത്തല സൌകര്യങ്ങൾ | 363040 | 0 |
| 111 | 2521203 Vocational Capacity Building - Related Activities<br>തൊഴിൽ നൈപുണ്യ വികസനം - ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | 162500 | 0 |
| 112 | 2521601 Local Government Service Delivery Improvement<br>തദ്ദേശസ്വയംഭരണ സ്ഥാപനം - മെച്ചപ്പെടുത്തൽ | 814826 | 0 |
| 113 | 2521602 Payments to IKM<br>ഐകെഎം തുക നൽകൽ | 48670 | 0 |
| 114 | 2521701 Allied Institution Service Delivery Improvement<br>അനുബന്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 285000 | 0 |
| 115 | 2521904 Toilet (Individual)<br>വ്യക്തിഗത കക്കൂസ് നിർമ്മാണം | 48000 | 0 |
| 116 | 2522001 Plan Formulation, Implementation and Monitoring<br>പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് | 190000 | 0 |
| 117 | 2522201 Disaster Management - Related Services<br>ദുരന്തനിവാരണ പദ്ധതികൾ | 164500 | 0 |

| | | | |
|---|---|---|---|
| 118 | 2522305 Solid Waste Management - Collection and Transportation<br>ഖരമാലിന്യം സംസ്കരണം | 807900 | 0 |
| 119 | 2522308 Solid Waste Management - Processing - Centralised<br>ഖരമാലിന്യം സംസ്കരണം - കേന്ദ്രാവിഷ്കൃതം | 401000 | 0 |
| 120 | 2522311 Solid Waste Management - Integrated Projects<br>ഖരമാലിന്യം സംസ്കരണം - സംയുക്ത പദ്ധതി | 470002 | 0 |
| 121 | 2522312 Solid Waste Management - Monitoring<br>ഖരമാലിന്യം സംസ്കരണം - വീക്ഷണം | 34000 | 0 |
| 122 | 2522314 Solid Waste Management - Processing Individual<br>ഖരമാലിന്യം സംസ്കരണം- വ്യക്തിഗതം | 99400 | 0 |
| 123 | 2523201 Information and Knowledge Dissemination Capacity Development<br>വിവരങ്ങൾ/അറിവ് പ്രചരിപ്പിക്കുന്നതിനുള്ള ശേഷി വികസനം | 42498 | 0 |
| | **Total Expenses Related to Service Sector**<br>**സേവനമേഖലയുടെ ചെലവുകൾ** | **27772197** | **0** |
| | **Expenses Related to Infrastructure Sector - 253** | | |
| 124 | 2530101 Street Lights<br>തെരുവ് വിളക്ക് | 620000 | 0 |
| 125 | 2530102 Office Electrification<br>ഓഫീസ് വൈദ്യുതീകരണം | 212300 | 0 |
| 126 | 2530201 Roads<br>റോഡ് | 215055 | 0 |
| 127 | 2530206 Bus Waiting shed<br>ബസ് കാത്തിരിപ്പ് കേന്ദ്രം | 100000 | 0 |

| | | | |
|---|---|---|---|
| 128 | 2530302 Public Buildings - Other Buildings<br>പൊതു/മറ്റ് കെട്ടിടങ്ങൾ | 297374 | 0 |
| | **Total Expenses Related to Infrastructure Sector**<br>**അടിസ്ഥാന സൌകര്യങ്ങൾക്കുള്ള ചെലവ്** | **1444729** | **0** |
| | **Expenses related to State Sponsored Schemes - 254** | | |
| 129 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour<br>കർഷക പെൻഷൻ | 1392000 | 1392000 |
| 130 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension<br>വിധവാ പെൻഷൻ | 2689900 | 2689900 |
| 131 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50<br>50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 281200 | 281200 |
| 132 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled<br>ഭിന്നശേഷി പെൻഷൻ | 1405200 | 1405200 |
| 133 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension<br>വാർദ്ധക്യകാല പെൻഷൻ | 9934000 | 9934000 |
| 134 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme<br>സ്ത്രീസുരക്ഷാ പെൻഷൻ | 0 | 304000 |
| | **Total Expenses related to State Sponsored Schemes**<br>**സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ചെലവുകൾ** | **15702300** | **16006300** |
| | **Prior Period Items - 280**<br>**മുൻകാല ഇനങ്ങൾ** | | |
| 135 | 2808001 Prior Period Expenses<br>മുൻകാല ചെലവുകൾ | 25000 | 50000 |

| | | | |
|---|---|---|---|
| 136 | 2808002 Prior Period Expenses - Remittance of Unutilized Grants to Government<br>ഉപയോഗിക്കാത്ത ഗ്രാന്റുകളുടെ തിരിച്ചടവ് | 200000 | 250000 |
| | **Total Prior Period Items**<br>**ആകെ മുൻകാല ഇനങ്ങൾ** | **225000** | **300000** |
| | **Total Revenue Expenditure**<br>**ഈകെ റവന്യൂ ചെലവ്** | **61480296** | **49025660** |
| | **Capital Expenditure - 4**<br>**മൂലധന ചെലവ്** | | |
| | **Repayment of Secured Loans - 330**<br>വായ്പ തിരിച്ചടവ് | | |
| 137 | 3305004 Loan from HUDCO<br>ഹഡ്കോ ലോൺ | 0 | 200000 |
| | **Total Repayment of Secured Loans**<br>**ആകെ വായ്പ തിരിച്ചടവ്** | **0** | **200000** |
| | **Refund of Deposits - 340**<br>**ഡെപ്പോസിറ്റുകളുടെ തിരിച്ചടവ്** | | |
| 138 | 3401001 Earnest Money Deposit<br>നിരതദ്രവ്യം | 30000 | 50000 |
| 139 | 3401003 Retention<br>റിടെൻഷൻ | 50000 | 50000 |
| 140 | 3402006 Election Deposit(Candidate)<br>സ്ഥാനാർത്ഥികളുടെ തെരെഞ്ഞെടുപ്പ്നിക്ഷേപം | 0 | 70000 |
| | **Total Refund of Deposits** | **80000** | **170000** |

| | | | |
|---|---|---|---|
| | **Payment of Recoveries - 350**<br>**റിക്കവറികൾ അടവാക്കാനുള്ളത്** | | |
| 141 | 3501102 Net Salary Payable<br>അറ്റ ശമ്പളം | 3474393 | 350000 |
| 142 | 3501122 Leave Salary Payable<br>അവധി ശമ്പളം | 42364 | 80000 |
| 143 | 3501301 Employers Liabilities - Pension Contribution (NPS) | 30631 | 35000 |
| 144 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund<br>റിക്കവറികൾ അടവാക്കാനുള്ളത് - കേരള പഞ്ചായത്ത് എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് | 40540 | |
| 145 | 3502006 Recoveries Payable - Insurance Premium<br>റിക്കവറികൾ അടവാക്കാനുള്ളത് - ഇൻഷുറൻസ് പ്രീമിയം | 4620 | 0 |
| 146 | 3502012 Recoveries Payable - State Life Insurance<br>റിക്കവറികൾ അടവാക്കാനുള്ളത് - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 7625 | 0 |
| 147 | 3502014 Recoveries Payable - Group Insurance<br>റിക്കവറികൾ അടവാക്കാനുള്ളത് - ഗ്രൂപ്പ് ഇൻഷുറൻസ് | 6600 | 0 |
| 148 | 3502018 Recoveries Payable-Audit Recovery<br>റിക്കവറികൾ അടവാക്കാനുള്ളത് - ഓഡിറ്റ് റിക്കവറി | 0 | 50000 |
| 149 | 3502020 Recoveries Payable - Employee Share NPS<br>റിക്കവറികൾ അടവാക്കാനുള്ളത് - ജീവനക്കാരുടെ എൻപിഎസ് | 4189 | 0 |
| 150 | 3502022 Recoveries Payable -Medisep -Regular<br>റിക്കവറികൾ അടവാക്കാനുള്ളത് - സ്ഥിര ജീവനക്കാരുടെ മെഡിസെപ്പ് | 4000 | 0 |
| 151 | 3502025 Recoveries Payable - Income Tax Deducted at Source<br>റിക്കവറികൾ അടവാക്കാനുള്ളത് - ഇൻകംടാക്സ് | 10000 | 50000 |

| | | | |
|---|---|---|---|
| 152 | 3502026 Recoveries Payable - Kerala Construction Workers Welfare Fund<br>കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ ഫണ്ട് അടവാക്കൽ | 10000 | 20000 |
| 153 | 3503001 Government and Other Dues Payable - Library Cess Payable<br>ലൈബ്രറി കൌൺസിലേക്കുള്ള തുക അടവാക്കൽ | 45619 | 0 |
| 154 | 3503005 Government and Other Dues Payable-TDS - CGST<br>സിജിഎസ് റ്റി | 10000 | 0 |
| 155 | 3503008 Government and Other Dues Payable - CGST<br>സി.ജി.എസ്.റ്റി | 50000 | 20000 |
| 156 | 3503009 Government and Other Dues Payable - SGST<br>എസ്.ജി.എസ്.റ്റി | 60000 | 20000 |
| 157 | 3508099 Other Liabilities Payable<br>അടവാക്കാനുള്ള മറ്റ് ബാദ്ധ്യതകൾ | 150000 | 0 |
| | **Total Payment of Recoveries**<br>**റിക്കവറി അടവാക്കൽ** | **3950581** | **625000** |
| | **Fixed Assets - 410**<br>**സ്ഥിര ആസ്തികൾ** | | |
| 158 | 4101008 Public well<br>പൊതുകിണർ | 141408 | 0 |
| 159 | 4102005 Hospital Buildings<br>ആശുപത്രി കെട്ടിടങ്ങൾ | 2775000 | 0 |
| 160 | 4102008 School Buildings<br>സ്കൂൾ കെട്ടിടങ്ങൾ | 771100 | 0 |
| 161 | 4102016 Other Buildings<br>മറ്റ് കെട്ടിടങ്ങൾ | 75000 | 0 |

| | | | |
|---|---|---|---|
| 162 | 4102017 Compound Wall<br>മതിൽ | 178523 | 0 |
| 163 | 4103001 Concrete Roads<br>കോൺക്രീറ്റ് റോഡുകൾ | 1983847 | 0 |
| 164 | 4103002 Black Topped Roads<br>ടാറിട്ട റോഡുകൾ | 753538 | 0 |
| 165 | 4103004 Footpath<br>നടപ്പാത | 179380 | 0 |
| 166 | 4103099 Other Constructions<br>മറ്റ് നിർമ്മിതികൾ | 25000 | 0 |
| 167 | 4103302 Street Light<br>സ്ട്രീറ്റ് ലൈറ്റ് | 126000 | 0 |
| 168 | 4104001 Plant & Machinery<br>യന്ത്രസാമഗ്രികൾ | 3338950 | 0 |
| 169 | 4106002 Computers, Printers & Peripherals<br>കംപ്യൂട്ടറുകൾ, പ്രിന്റിംഗ് ഉപകരണങ്ങളും | 676000 | 0 |
| 170 | 4107001 Furniture, Fixtures, Fittings & Electrical Appliances<br>ഫർണിച്ചറും മറ്റ് ഇലക്ട്രിക്ക് ഉപകരണങ്ങളും | 90000 | 0 |
| 171 | 4108001 Other Fixed Assets<br>മറ്റ് ആസ്തികൾ | 718000 | 0 |
| | **Total Fixed Assets**<br>**ആകെ സ്ഥിര ആസ്തികൾ** | **11831746** | **0** |
| | **Loans, Advances and Deposits - 460**<br>**അഡ്വാൻസസും ഡെപോസിറ്റുകളും** | | |

| | | | |
|---|---|---|---|
| 172 | 4601001 Festival Advance to Employees<br>ഉത്സവബത്ത | 80000 | 160000 |
| 173 | 4605003 Advance to Implementing Officers | 0 | 500000 |
| 174 | 4605005 Advance to Mahatma Gandhi NREGS/ AUEGS<br>എംജിഎൻആർജിഎസ് ഭരണ ചെലവ് | 11521893 | 1008000 |
| | **Total Loans, Advances and Deposits**<br>**ആകെ വായ്പ, അഡ്വാൻസ്, നിക്ഷേപം** | **11601893** | **1668000** |
| | **Total Capital Expenditure**<br>**ആകെ മൂലധന ചെലവ്** | **24433953** | **2198000** |
| | **Total Expenditure**<br>**ആകെ ചെലവ്** | **85914249** | **51223660** |
| | **Total Receipts**<br>**ആകെ വരവ്** | **85081841** | **78297010** |
| | **Balance**<br>**നീക്കിയിരിപ്പ്** | **8812486** | **35885836** |
| | **Expenditure of Projects**<br>**പദ്ധതികളുടെ ചെലവ്** | | **29500000** |
| | **Closing Balanace**<br>**നീക്കി ബാക്കി** | | **6385836** |


അയ്യമ്പാറ






ഇല്ലിക്കൽ കല്ല്